ഉത്തരം

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഹഡ്കോയുടെ സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന മൂന്നാംഘട്ടം. ഭവന നിർമ്മാണപദ്ധതി പ്രകാരം അഞ്ചുതെങ്ങിലെ $\frac{3}{4}$ സെൻറ് സ്ഥലമുള്ള മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണ വായ്പക്ക് അപേക്ഷിക്കാവുന്നതാണ്.

(ബി) ഇല്ല.

(സി) പൂട്ടിക്കിടക്കുന്ന ഐസ് പ്ലാൻറുകൾ തുറന്നു പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു.

മത്സ്യത്തൊഴിലാളി ഗ്രാമതല സംഘങ്ങളിലേക്ക് തെരഞ്ഞെടുപ്പ്

367 [399] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, ടി. കെ. അബ്ദു:
,, വി. ജെ. തങ്കപ്പൻ:
ശ്രീമതി. പി. ദേവൂട്ടി:
ശ്രീ. വി. കേശവൻ;

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ഗ്രാമതല സംഘങ്ങളിലേക്ക് തെരഞ്ഞെടുപ്പു നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്ന് നടത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഉറപ്പ് മത്സ്യത്തൊഴിലാളി ഫെഡറേഷനുകളുടെ സംയുക്ത സമരസമിതിക്ക് കൊടുത്തിരുന്നുവോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനാവശ്യമായ പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. നടപടികൾ പൂർത്തിയാകുന്നതോടെ തെരഞ്ഞെടുപ്പു നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) മത്സ്യത്തൊഴിലാളി ക്ഷേമസംഘങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് 1985 സെപ്തംബർ മാസത്തിനു മുൻപായി നടത്താൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സമരസമിതിയെ അറിയിച്ചിട്ടുണ്ട്.

കടലിൽപോയി അപകടമരണം സംഭവിച്ച മത്സ്യത്തൊഴിലാളികൾ

368 [400] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടലിൽ പോയി അപകട മരണം സംഭവിച്ച മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം കൊടുത്തിട്ടുണ്ട്;

(സി) ആ ഇനത്തിൽ ചെലവായ തുക എത്ര;

(ഡി) ഇനി എത്ര പേർക്ക് നഷ്ടപരിഹാരം കൊടുക്കാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly